**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610** **08-12-2022 - ൽ മറുപടിയ്ക്ക്**

**ജന്മികളിൽ നിന്ന് ഏറ്റെടുത്ത ഭൂമി കൈവശക്കാർക്ക് നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജിൽ റീസർവ്വേ നം.505/1ബി., 415/1, 429/1എ1, 434-ൽ ഉൾപ്പെട്ട മാനവല്ലഭൻ തിരുമുൽപ്പാട്, മാനവല്ലഭൻ കാരണമുൽപ്പാട്, കാർത്ത്യായനി തമ്പുരാട്ടി എന്നീ ജന്മികളിൽ നിന്ന് ഏറ്റെടുത്ത് കൈവശക്കാർക്ക് നല്കാൻ തീരുമാനിച്ചിട്ടുള്ളത് എത്ര ഹെക്ടർ ഭൂമിയാണെന്ന് അറിയിക്കുമോ; | (എ) | നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജിലെ റീ സർവ്വെ നമ്പർ 505/1ബി, 415/1, 429/1എ, 434 എന്നിവയിൽ ഉൾപ്പെടെ ആകെ 26.1619 ഹെക്ടർ ഭൂമി അന്യകൈവശത്തോടെ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മിച്ചഭൂമിയിൽ കർഷക തൊഴിലാളികളായ എത്ര കുടുംബങ്ങൾ പട്ടയത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നാളിതുവരെ എത്ര കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കർഷകത്തൊഴിലാളികളുടേതുൾപ്പെടെ 195 ആൾക്കാരുടെ അപേക്ഷകൾ പട്ടയത്തിനായി ലഭിക്കുകയും ആയതിൽ 104 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത മിച്ചഭൂമിയിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടും നാളിതുവരെ പട്ടയം ലഭിക്കാത്ത എത്ര കർഷക കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ; മൂന്ന് വർഷമായി ഇവർക്ക് നികുതി അടയ്ക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത മിച്ചഭൂമിയിൽ ഇനിയും പട്ടയം ലഭിക്കാനുള്ള 91 പേരുടെ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഇവരിൽ നിന്നും ഭൂനികുതി സ്വീകരിക്കാത്ത പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ